**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2974 28.01.2014 -ലെ മറുപടിയ്ക്ക്

## തലശ്ശേരി ആർട്സ് ആന്റ് സയൻസ് കോളേജ്

ചോദ്യം
ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ഉത്തരം
ശ്രീ. പി.കെ. അബ്ദു റബ്ബ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ 2013-14 സാമ്പത്തിക വർഷം ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നുവോ ; | (എ) | തീരുമാനിച്ചിരുന്നു. |
| (ബി) | എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ; | (ബി) | സ.ഉ. (എം.എസ്) നം. 641/13/ഉ.വി.വ തിരുവനന്തപുരം തീയതി 15/10/2013 സർക്കാർ ഉത്തരവ് പ്രകാരം തലശ്ശേരി നിയോജകമണ്ഡലത്തിൽ സർക്കാർ ആർട്സ് & സയൻസ് കോളേജ് അനുവദിക്കുകയും അതിനെ തുടർന്ന് ടി കോളേജിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലേക്കായി 17/10/2013 തീയതിയിലെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നമ്പർ പി 27337/2013/കോ.വി.വ. ഉത്തരവ് അനുസരിച്ച് കോഴിക്കോട് ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ ആയ ഡോ. പി.ജെ.വിൻസെന്റിനെ വർക്കിങ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഏതെല്ലാം കോഴ്സുകളാണ് കോളേജിൽ ആരംഭിക്കുന്നതെന്ന് വിശദമാക്കാമോ ; | (സി) | 1.ബി.കോം വിത്ത് കംപ്യൂട്ടർ സയൻസ്<br>2.ബി.സി.എ.<br>3.ബി.എ.ഹിസ്റ്ററി വിത്ത് പൊളിറ്റിക്സ് |

| | | | |
|---|---|---|---|
| | | | ആന്റ് ഫിലോസഫി |
| (ഡി) | സംസ്ഥാനത്ത് പ്രഖ്യാപിച്ച എത്ര സർക്കാർ കോളേജുകൾ ഈ അദ്ധ്യയന വർഷം ആരംഭിച്ചെന്ന് വെളിപ്പെടുത്താമോ; | (ഡി) | 7 സർക്കാർ കോളേജുകളിൽ ഈ വർഷം അദ്ധ്യയനം ആരംഭിച്ചിട്ടുണ്ട്. |
| (ഇ) | തലശ്ശേരിയിൽ ഈ അദ്ധ്യയന വർഷം കോളേജ് ആരംഭിക്കേണ്ടെന്ന് തീരുമാനിച്ചത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (ഇ) | തലശ്ശേരി സർക്കാർ ആർട്സ് & സയൻസ് കോളേജിന് ഈ അദ്ധ്യയന വർഷം (2013-14) ഒന്നാം വർഷ ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള കണ്ണൂർ യൂണിവേഴ്സിറ്റിയുടെ അനുമതി ലഭിക്കാത്തതുകൊണ്ടാണ് ഈ വർഷം അദ്ധ്യയനം ആരംഭിക്കാത്തത്. |
| (എഫ്) | തലശ്ശേരി ഗവൺമെന്റ് കോളേജിലെ കോഴ്സുകൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ? | (എഫ്) | 2014-15 അദ്ധ്യയനവർഷത്തിൽ തന്നെ തലശ്ശേരി സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിൽ അദ്ധ്യയനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ